# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1463** 04.12.2014- ൽ മറുപടിക്ക്

**റോഡുകളുടെ പുനരുദ്ധാരണത്തിനായി സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP)**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP) എന്ന പേരിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യവും വ്യക്തമാക്കാമോ ; | (എ) യും (ബി) യും | സംസ്ഥാന ഹൈവേകളിൽ നിന്നും പ്രധാന ജില്ലാ റോഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മി. റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സമഗ്ര വികസനത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായിട്ടാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കി.മി. റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടി വരുന്ന 611 കി.മി.റോഡുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകൾ ശാസ്ത്രീയമായി പുനർ നിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ഈ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (സി) യും (ഡി) യും | പ്രസ്തുത പദ്ധതിക്ക് 06.12.2012-ലെ സ.ഉ (കൈ) നം.91/2012/പൊ.മ.വ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) ഗതാഗതരംഗത്ത് ഏറെ പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുള്ള ഈ റോഡ് പുനരുദ്ധാരണ പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദ വിവരം ലഭ്യമാക്കുമോ ? | (ഇ) | പ്രസ്തുത പദ്ധതിക്ക് ലഭിച്ച ടെൻഡറുകൾ പുന:പരിശോധിച്ചതിൻ പ്രകാരം റീഹാബിലിറ്റേഷൻ പദ്ധതി പുനക്രമീകരിച്ച് ടെൻഡർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ